## വികെവിഎം എൻഎസ്എസ് എച്ച്എസ് മാഞ്ഞൂർ



# മാസ്റ്റർപ്ലാൻ 2025-26

മാഞ്ഞൂർ പി. ഒ കോട്ടയം
Email : nsshsmanjoor@gmail.com

Scanned with OKEN Scanner

കോട്ടയം നഗരത്തിന്റെ വടക്കായി സ്ഥിതിചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് വി.കെ.വി.എം. എൻ.എസ്.എസ്. എച്ച്.എസ്. മാഞ്ഞൂർ. ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണിത്.

1 ഹെക്ടർ 25 ആർ 50 ച.മീ ഭൂമിയിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഹൈസ്കൂളിന് 2 കെട്ടിടങ്ങളിലായി 6 ക്ലാസ് മുറികളും വിശാലമായ കളിസ്ഥലവുമുണ്ട്. ഹൈസ്കൂളിന് കമ്പ്യൂട്ടർ ലാബ്, മൾട്ടിമീഡിയ മുറി, ലൈബ്രറി, വിവിധ ലാബുകൾ ഇവ ഉണ്ട്.

ക്ലാസ് മാഗസിൻ, വിദ്യാരംഗം കലാസാഹിത്യ വേദി, വിവിധ ക്ലബുകൾ, പച്ചക്കറി കൃഷി എന്നിവ നടത്തിവരുന്നു. എല്ലാ അധ്യാപകരും കൃത്യമായി അധ്യാപക പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

<u>അധ്യാപക അനധ്യാപകർ</u>

1. രമ്യ. R (H.M)
2. ബിന്ദു. R
3. പ്രസീദ.S
4. ശ്രീബ രാധാകൃഷ്ണൻ
5. അശ്വതി കൃഷ്ണൻ
6. ശ്യാമ. ജി. നായർ
7. ദേവിക വിജയൻ
8. ശ്രുതി. സി. ബി
9. അഞ്ജിത. S
10. അഖിൽ. K.V
11. സജിത സുരേഷ്

Scanned with OKEN Scanner

# ആമുഖം.

മലയാള ഭാഷയെയും സാഹിത്യത്തെയും സമഗ്രവും സമ്പൂർണ്ണവുമായ രീതിയിൽ അറിയണമെങ്കിൽ ആഴത്തിലുള്ള അറിവ് അത്യന്താപേക്ഷിതമാണ്. അതിനുള്ള ചുവടുവയ്പ്പാണ് പാഠപുസ്തകങ്ങളും പഠനപ്രവർത്തനങ്ങളും. നിരന്തരവും സമയബന്ധിതവുമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കുട്ടികളിലെ ഭാഷാസ്നേഹത്തെയും ഭാഷാശേഷിയെയും ഉത്തേജിപ്പിക്കുന്ന തരത്തിൽ ആസൂത്രണം ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. അക്ഷരങ്ങളെ കൂട്ടുകാരാക്കി വായനയുടെയും എഴുത്തിന്റെയും ലോകത്തിലൂടെ പുസ്തകങ്ങളെ ചേർത്തുപിടിക്കുന്ന മാനസികതലത്തിലേക്ക് കുട്ടികളെ എത്തിക്കുക എന്നത് ശ്രമകരവും എന്നാൽ ആസ്വാദ്യവുമാണ്. ഭാഷാ സാഹിത്യം എന്ന വിശാലതയെ അറിയാൻ പുസ്തകങ്ങളെ ആത്മമിത്രങ്ങളാക്കിയേ പറ്റൂ. പുസ്തകവായന ഒരു ശീലമായി മാറണം. സംയമനത്തോടെയുള്ള പുസ്തകവായന എല്ലാ കാലഘട്ടങ്ങളിലേക്കും നമ്മളെ എത്തിക്കും. അതിനായി ഈ അധ്യയനവർഷം മുഴുവനും നീണ്ടുനിൽക്കുന്ന ഒരു നിരന്തരപ്രവർത്തനം ആസൂത്രണം ചെയ്യുന്നു. 'പുസ്തകലഹരി' എന്ന പ്രോജക്ട് കുട്ടികളെക്കൊണ്ട് തയ്യാറാക്കുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ കുട്ടികൾക്ക്

Scanned with OKEN Scanner

നല്കി. 'ഞാനും എന്റെ വായനയും' എന്ന വിഷയത്തിൽ ഓരോ
കുട്ടിയും തന്റെ വായനാനുഭവങ്ങൾ അവരിലുണ്ടാക്കിയ മാറ്റ
ങ്ങൾ രേഖപ്പെടുത്തി അവതരിപ്പിക്കുന്നു. ഈ പ്രവർത്തനം
കുട്ടികളിൽ പുസ്തക താല്പര്യം ജനിപ്പിക്കും എന്നതാണ് പ്രതീക്ഷ.

ഭാഷയാണ് ശരിയായ അറിവും സംസ്കാരവും എന്ന തിരിച്ചറിവ് ഓരോ
കുട്ടിക്കും വായനയിലൂടെ ലഭിക്കും എന്നത് നിസ്തർക്കമാണ്.

ഭാഷ - പുസ്തകം - വായന - എഴുത്ത് - ഈ ക്രമത്തിലൂടെ
ഓരോ കുട്ടിയെ വായിക്കാൻ മാത്രമല്ല എഴുത്തിന്റെ ലോകത്തേ
ക്കും എത്തിക്കാൻ സാധിക്കും എന്നുറച്ച വിശ്വാസത്തോടെ
യാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

Scanned with OKEN Scanner

മേഖല - വൈദഗ്ധ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല. |
|---|---|---|---|---|
| 1. കുട്ടികളെ മികച്ച വായനക്കാരാക്കുക. | ക്ലാസ്സ്തല പ്രവർത്തനം. മികച്ച വായനക്കാരായ കുട്ടികളുടെ സഹായത്തോടെ പിന്നോക്ക വായനക്കാരെ മെച്ചപ്പെടുത്തുന്നു. വായനക്കൂട്ടം രൂപീകരിക്കൽ. | നിരന്തര പ്രവർത്തനം. ക്ലാസ്സ്തലം, ഗൃഹപാഠം. | | അദ്ധ്യാപിക കുട്ടികൾ. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. അക്ഷരകാർഡ് നൽകൽ (തുടർന്നുള്ള പ്രവർത്തനങ്ങൾ). <br> 2. ചിത്രം - അടിക്കുറിപ്പ് എഴുത്ത്. <br> 3. ചിത്രം - കഥയെഴുതൽ. | നിരന്തര പ്രവർത്തനം. ഇടവേളകളിലും (ഫ്രീ) പീരിയഡുകളിലും | ചാർട്ട് പേപ്പർ മുറിക്കുന്നു. ചെറിയ കാർഡുകളാക്കി അക്ഷരങ്ങൾ എഴുതി നൽകുന്നു. | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| പ്രോജക്ട്. - 'പുസ്തക ലഹരി'. UP, HS വിഭാഗത്തിലെ കുട്ടികളെ പുസ്തകവായന ഒരു ശീലമാക്കാനുള്ള ശ്രമം. 'ഞാനും എന്റെ വായനയും' എന്ന വിഷയത്തിൽ ഓരോ കുട്ടിയും തങ്ങളുടെ വായനാനുഭവങ്ങളും അതിന്റെ ഫലങ്ങളും രേഖപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | നിരന്തരവും സമയബന്ധിതവും (അധ്യയനവർഷം - 1 വർഷം) | സ്കൂളിലെ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ ലഭ്യമാക്കുന്നു. | അധ്യാപിക, കുട്ടികൾ. |

Scanned with OKEN Scanner

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. കാല | ഭൗതികം / ചുമതല. |
|---|---|---|---|
| ഭാഷാനൈപുണി നേടുക. | * പത്രവായന.<br>* പുസ്തകവായന.<br>* ദിനാചരണങ്ങൾ.<br>* ആധുനിക പ്രസിദ്ധീകരണങ്ങളുടെ വായനയും. | നിരന്തരം.<br>നിരന്തരം.<br>പ്രത്യേകദിനങ്ങൾ | വിദ്യാരംഗം കലാസാഹിത്യ വേദി. |
| വായനോത്സവം. | * ചർച്ച. | | |
| വായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ | * അക്ഷരകാർഡ്.<br>* അക്ഷരവൃക്ഷങ്ങൾ.<br>* പുസ്തകനാമം കണ്ടെത്തൽ. | ക്ലാസ് മത്സരങ്ങൾ, പ്രത്യേക ദിനങ്ങളിലേക്ക് (June 19, etc) | അധ്യാപിക, കുട്ടികൾ. |

Scanned with OKEN Scanner

മേഖല: ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിലെ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* സവിശേഷ കഴിവുള്ള കുട്ടികളുടെ സർഗശേഷികൾ വികസിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
* ഭാഷാ പഠനത്തിലൂടെ കുട്ടികളിൽ ദേശസ്നേഹം വളർത്തിയെടുക്കുക.
* കാലഘട്ടത്തിന്റെ സവിശേഷതകൾ മനസിലാക്കി ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ തരണം ചെയ്ത് മുന്നേറാനുള്ള ആത്മവിശ്വാസം നൽകുക.
* ലളിതവും രസകരവുമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ഹിന്ദി ഭാഷാ പഠിക്കാനുള്ള താത്പര്യം ജനിപ്പിക്കുക.

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഹിന്ദി അഞ്ചാം ക്ലാസിൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. 5,6,7 ക്ലാസിലെ കുട്ടികൾക്ക് അക്ഷരങ്ങൾ ഉറപ്പിക്കുക. | ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് എന്നിവ നൽകുന്നു. പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ പഠിപ്പിക്കുന്നു. അതോടൊപ്പം പദങ്ങളുടെ അർത്ഥം മനസ്സിലാക്കുവാനായി കേട്ടെഴുത്ത്, പദസൂര്യൻ എന്നിവയും നൽകുന്നു. | ജൂൺ - ജൂലൈ | അധ്യാപകൻ |
| 2. തെറ്റ് കൂടാതെ ഹിന്ദി വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | പുസ്തകങ്ങൾ വായിച്ച് കേൾപ്പിക്കുന്നു. പിന്നീട് കുട്ടികൾക്ക് സ്വയം വായിക്കാൻ അവസരം നൽകുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ അവരെ സഹായിക്കുന്നു. കൂടാതെ ചിത്രകഥകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ എന്നിവ കാണിക്കുന്നു. | തുടർ പ്രവർത്തനം | അധ്യാപകൻ |
| 3. സംഖ്യകൾ, ആഴ്ചയുടെ പേരുകൾ, മാസങ്ങളുടെ പേരുകൾ എന്നിവ ഹിന്ദിയിൽ പരിചയപ്പെടുത്തുക. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി, ദിവസം എന്നിവയെല്ലാം ഹിന്ദിയിൽ എഴുതാൻ ആവശ്യപ്പെടുന്നു. വർക്ക്ഷീറ്റ് നൽകുന്നു. | ഒഴിവ് സമയങ്ങളിൽ | അധ്യാപകൻ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 4. | മാതൃഭാഷയെ പോലെ തന്നെ ഹിന്ദി ഭാഷയും അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണുവാൻ അവസരം ഒരുക്കുന്നു. അതോടൊപ്പം കഥകളുടേയും നോവലുകളുടേയും സാരാംശം ഉൾക്കൊള്ളിച്ച് കുട്ടികളെക്കൊണ്ട് ഒരു മാഗസിൻ തയ്യാറാക്കുന്നു. | തുടർ പ്രവർത്തനം. | അധ്യാപകൻ, ഹിന്ദി ക്ലബ്ബ്. |
| 5. | പോസ്റ്റർ, ആസ്വാദനക്കുറിപ്പ്, തിരക്കഥ, കഥാപാത്ര നിരൂപണം എന്നിവയെല്ലാം ഹിന്ദിയിൽ തയ്യാറാക്കാൻ പരിശീലിപ്പിക്കുക | എല്ലാ പ്രവർത്തനങ്ങൾക്കും ഓരോ മോഡൽ നൽകുന്നു. പോസ്റ്റർ, തിരക്കഥ എന്നിവയ്ക്ക് വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിത നൽകി അതിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനും പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു കഥാപാത്രത്തെ മുൻ നിർത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുവാനും ആവശ്യപ്പെടുന്നു. | തുടർ പ്രവർത്തനം | അധ്യാപകൻ, ഹിന്ദി ക്ലബ്ബ്. |
| 6. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുക | അക്ഷരങ്ങൾ മന:പാഠമാക്കാൻ സഹായിക്കുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ സഹായിക്കുന്നു. കേട്ടെഴുത്ത് നടത്തുന്നു. | ഒഴിവ് സമയങ്ങളിൽ | അധ്യാപകൻ, പഠനത്തിൽ മികവുള്ള കുട്ടികൾ. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | നാമം, സർവ്വനാമം, വിശേഷണം എന്നീ വ്യാകരണങ്ങളും വാക്യ നിർമ്മാണവും പരിചയപ്പെടുത്തുക. | ചാർട്ടുകളുടെ സഹായത്തോടെ സർവ്വനാമം, വിശേഷണം എന്നിവ പറഞ്ഞു മനസ്സിലാക്കുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. അതോടൊപ്പം കഥയുടെ വിട്ടുപോയ ഭാഗം വാക്യഘടനയുടെ അടിസ്ഥാനത്തിൽ പൂരിപ്പിക്കാൻ ആവശ്യപ്പെടുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | അധ്യാപകൻ |
| 8. | സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നതിനായി ഹിന്ദിയോട് അനുബന്ധിച്ചുള്ള പ്രധാന ദിവസങ്ങളിൽ അസംബ്ലി, മാഗസിൻ പ്രദർശനം, നാടക പ്രദർശനം എന്നിവ സംഘടിപ്പിക്കുക. | പദ്യം ചൊല്ലൽ, കഥാ രചന, കവിത രചന, പോസ്റ്റർ നിർമ്മാണം, നാടക അവതരണം, മാഗസിൻ തയ്യാറാക്കൽ എന്നിവ സംഘടിപ്പിക്കുന്നു. | മൂന്ന് മാസത്തിൽ ഒരിക്കൽ | അധ്യാപകൻ, സംഘ തലവൻ, ഹിന്ദി ക്ലബ്ബ്. |

Scanned with OKEN Scanner

മേഖല - അടിസ്ഥാനശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ശാസ്ത്ര വിഷയത്തിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കുക. | ശാസ്ത്രക്ലബ് രൂപീകരണം<br>അനുബന്ധ പ്രവർത്തനങ്ങൾ | ജൂൺ - ജൂലൈ | ശാസ്ത്ര അധ്യാപകർ |
| 2. | ദിനാചരണങ്ങൾ - ശാസ്ത്രവുമായി ബന്ധപ്പെട്ടവ | പ്രത്യേക അസംബ്ലി<br>ഓരോ ദിനത്തിന്റെയും പ്രത്യേകതകൾ - കുറിപ്പ് തയ്യാറാക്കൽ<br>കൊളാഷ് നിർമ്മാണം<br>ക്വിസ് പ്രോഗ്രാം | ആവശ്യാനുസരണം | അധ്യാപകർ, കുട്ടികൾ. |
| 3. | ശാസ്ത്രലാബ് നവീകരണം | ലാബ് വൃത്തിയാക്കൽ<br>ഉപകരണങ്ങൾ അടുക്കിവയ്ക്കൽ<br>രാസവസ്തുക്കളും ഉപകരണങ്ങളും [illegible] | ആഗസ്റ്റ് - സെപ്റ്റംബർ | അധ്യാപകർ, കുട്ടികൾ. |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 4. ശാസ്ത്രകിറ്റ് നിർമ്മാണം | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ കിറ്റിൽ സൂക്ഷിക്കുന്നു. ഇത് ക്ലാസ്മുറിയിൽ ശാസ്ത്ര കോർണറിൽ വയ്ക്കുന്നു. | ഒക്ടോബർ - നവംബർ | ചില്ലാ നിർവാഹസമിതിയിലുള്ള കുട്ടികൾ. |
| 5. ശാസ്ത്രജ്ഞരെ പരിചയപ്പെടൽ - ചുമർപത്രിക നിർമ്മാണം - ശാസ്ത്ര ആൽബം നിർമ്മിക്കൽ | അസംബ്ലിയിൽ ഓരോ ശാസ്ത്രജ്ഞരെ വീതം പരിചയപ്പെടുത്തുന്നു. ഈ കുറിപ്പുകൾ ചേർത്ത് ആൽബം തയ്യാറാക്കുന്നു. | ഡിസംബർ - ജനുവരി | ചില്ലാ കുട്ടികളും |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെയും ശാസ്ത്ര താൽപര്യം ഉണർത്തുന്നതിന്. | ലാബ് പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. പരീക്ഷണങ്ങൾ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രം ഇഷ്ടപ്പെടുന്നു. | ഫെബ്രുവരി - മാർച്ച് | മികച്ച നിലവാരത്തിലും ഉള്ളവർ. |

Scanned with OKEN Scanner

സാമൂഹ്യശാസ്ത്രം [H. S.]

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | കുട്ടികളിൽ ചരിത്ര അവബോധം വളർത്തുക. | ICT സാധ്യത ഉപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ Video പ്രദർശനം. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. | കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക. | ക്വിസ്, ദിനാചരണങ്ങൾ എന്നിവ സംഘടിപ്പിക്കുക. | അക്കാദമിക വർഷം മുഴുവനും. | അധ്യാപകർ | |
| 4. | ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക. | അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചയപ്പെടുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തുക. | ചർച്ചകൾ, സംവാദം, പ്രോജക്ട് എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര- അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ള വരാക്കുക. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി. ആവശ്യം വന്നാൽ രക്ഷാപ്രവർത്തനം നടത്താനുള്ള മനോഭാവം വളർത്തുക. | ചരിത്രക്ലാസുകളിലൂടെയും demonstration ക്ലാസുകളിലൂടെയും പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര- അധ്യാപകർ | |
| 7. റോഡുസുരക്ഷയെക്കുറിച്ച് അവബോധം വളർത്തുക. | ട്രാഫിക് നിയമങ്ങളുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | അധ്യാപകർ | |
| 8. നദികൾ, പർവ്വതങ്ങൾ, സമുദ്രങ്ങൾ, ഭൂപ്രകൃതി, ഇടങ്ങളെക്കുറിച്ച് അവബോധം വളർത്തുക. | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | പ്രത്യേകം തിരഞ്ഞെടുക്കുന്ന സമയങ്ങളിൽ. | അധ്യാപകർ, PTA | |

Scanned with OKEN Scanner

# UP - ENGLISH 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | 1) Lend your ear<br>ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | 2) Follow me if you can.<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | 3) Breaking News.<br>ഇംഗ്ലീഷ് ചെറിയ വാർത്തകൾ | നവംബർ | ഇംഗ്ലീഷ് അധ്യാപകർ. | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | റെക്കോർഡ് ചെയ്ത് കേൾപ്പി-ക്കുന്നു. ശരിയായ ഉച്ചാരണം ശീലിക്കുവാൻ അവസരം ഒരുക്കുന്നു. | | | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | 1) I <u>Too Can</u><br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | 2) F.M <u>Corner</u><br>വ്യത്യസ്തമായ കഥകൾ Reader's Theature രീതിയോ സമ്പ്രദായത്തിൽ അവതരി-പ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ. | ഇംഗ്ലീഷ് അധ്യാപകർ<br>[illegible] | [illegible] |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | 1) My Droplets<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാസിക തയ്യാറാക്കുന്നു.<br>2) Fun time funda<br>കടംകഥകൾ, കുസൃതി ചോദ്യങ്ങൾ ഉത്തരങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | വർഷാവസാനം<br>എല്ലാ മാസവും | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം ഉയർത്തുന്നു. | അഞ്ചാം ക്ലാസിനായി കഥകൾ കഥയെഴുത്ത് അതിന് Roleplay നാടകം. എഴുത്തുകാരിന് കഴിവ്, ലേഖനം തുടങ്ങിയവ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |

Scanned with OKEN Scanner

# സാമൂഹ്യശാസ്ത്രം - UP

## സാമൂഹ്യശാസ്ത്രം

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
3. സമൂഹചലനത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനാവശ്യമായ രീതിശാസ്ത്ര ന്യായങ്ങൾ ക്കാനും സഹായിക്കുന്നു.
4. ജനാധിപത്യജീവിത സംസ്കാരം വളർത്തിയെടുക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

മേൽ ലക്ഷ്യങ്ങൾ സാധിതമാകുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് ഒരുക്കേണ്ടത്. ഇങ്ങനെ ഒരുക്കുമ്പോൾ ഓരോ പ്രായഘട്ടത്തിനും അനുഗുണമായി കരിക്കുലം മുന്നോട്ടു വച്ച പഠനവസ്തുതകൾ കുട്ടികൾ സ്വായത്തമാക്കാൻ സഹായകമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകേണ്ടത്.

### പ്രവർത്തനങ്ങൾ

സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ, ഇന്നി ലേക്കുള്ള തിരഞ്ഞെടുപ്പ് പോലെ നാട്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പ് പോലെ പരിചയപ്പെടാനുള്ള അവസരമൊരുക്കി മാറൽ.

പരിസ്ഥിതിദിന പ്രവർത്തനം

വ്യത്യസ്ത ദിനാചരണങ്ങൾ

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ചർച്ചകൾ

Scanned with OKEN Scanner

# U.P സാമൂഹ്യശാസ്ത്രം 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിപോഷിപ്പിക്കൽ, നേടിയെടുക്കൽ | അക്ഷരക്കൂട്ട് - സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിപോഷിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷം ൨൦൨൦ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷം ൨൦൨൫ | ,, |
| 3) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനങ്ങൾ മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | ,, |
| 4) പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സജ്ജരാക്കുന്നു. | സുനാമി, ഭൂകമ്പം എന്നിവയുടെ ചിത്രങ്ങളും ദൃശ്യങ്ങളും നിരീക്ഷിക്കുന്നു. അഗ്നിരക്ഷാ ഉദ്യോഗസ്ഥരുടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കുട്ടികളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, എന്നിവ സന്ദർശിച്ച് സർവേ നടത്തി റിപ്പോർട്ട് ചെയ്യുന്നു. | അക്കാദമിക വർഷം | ,, |
| 8) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നു. | സിവിൽ സർവീസ് പരീക്ഷ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ ആശയതലങ്ങളെ സ്പർശിക്കുന്ന ഉത്തരങ്ങൾ നിർമ്മാണം കൊണ്ടുള്ള ശിൽപശാലകളും ചോദ്യോത്തരവേളകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ,, |

Scanned with OKEN Scanner

ഗണിതം - UP

## ശാസ്ത്രം

### ലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുതകുന്ന അനുഭവങ്ങൾ ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുതകുന്ന അറിവ് വർധിപ്പിക്കുക.
4. ആധുനിക സങ്കേതങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.
5. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

### പ്രവർത്തനങ്ങൾ

- ശാസ്ത്ര പഠനത്തിന്റെ ഓരോ ഘട്ടത്തിലും നിർദ്ദേശിക്കപ്പെട്ട പഠനാശയങ്ങളും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങളും കുട്ടി നേടുന്നു എന്ന് ഉറപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ തയ്യാറാക്കുക.
- സയൻസ് ക്ലബ് പ്രവർത്തനങ്ങൾ, സയൻസ് കോർണറുകൾ, ശാസ്ത്രപ്രദർശന ലപലിപ്പിക്കുന്നതുകൾ, ശാസ്ത്ര ലാബ് എന്നിവ ശക്തിപ്പെടുത്തുക.

- പ്രകൃതി പഠനയാത്രകൾ
- ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ ശേഖരിച്ചുകൊണ്ട് ആചരിക്കൽ
- കൃഷിവകുപ്പ് സംരക്ഷണ പ്രവർത്തനങ്ങൾ, കൃഷിത്തോട്ട ഉൽഘാടനം
- ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ
- പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ
- ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ
- ശുചിത്വ ക്യാമ്പയിനുകൾ പദ്ധതി തയ്യാറാക്കൽ
- ലഹരി വിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ
- ലഹരിയുടെ ഉപയോഗം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ
- സാങ്കേതികവിദ്യയുടെ ഉപയോഗം.
- ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക.
- ശാസ്ത്രോത്സവം സംഘടിപ്പിക്കുക.
- ശാസ്ത്രലൈബ്രറി നിർമ്മാണം
- ICT യുടെ സഹായത്തോടെ ശാസ്ത്രവിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഇവയുടെ നിർമ്മാണം | ജൂൺ- മാർച്ച് | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്ബ്. |
| | പഠനയാത്ര - വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ, ജീവികൾ ഇവയെ കണ്ടെത്തൽ, കാവുകൾ, കണ്ടൽക്കാടുകൾ സന്ദർശനം. | ജൂൺ- മാർച്ച് | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് |
| • ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള അറിവ് വർധിപ്പിക്കുക | പരീക്ഷണങ്ങൾ - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലളിതമായ പരീക്ഷണങ്ങൾ നടത്തുക. ശാസ്ത്രകിറ്റുകൾ നിർമ്മിക്കുന്നു. ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ ചാർട്ടുകൾ ഉൾപ്പെടുത്തി ശാസ്ത്രജ്ഞരെ സംബന്ധിച്ചുള്ള പ്രൊജക്ട് അവതരണം. വിവിധ ശാസ്ത്രശാഖകൾ ഉൾപ്പെടുത്തിയ പ്രൊജക്ട് | ഒക്ടോബർ | ശാസ്ത്രാധ്യാപകർ |
| • ശാസ്ത്രത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്താൽ മെച്ചപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ജൂൺ - മാർച്ച് | ശാസ്ത്രാധ്യാപകർ |
| • പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകതയെ വർദ്ധിപ്പിക്കൽ | YIP പോലുള്ള സംരംഭങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. അതിനായി നൂതനാശയങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു. | ജൂൺ - മാർച്ച് | ശാസ്ത്രാധ്യാപകർ |

മേഖല: ഗണിതം ACADEMIC MASTER PLAN (2025-26)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ ഉറപ്പാക്കൽ | ഗണിതക്ലബ് രൂപീകരണവും അനുബന്ധ പ്രവർത്തനങ്ങളും | ജൂൺ | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2. ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത കളികൾ നടത്തുക. ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ നൽകൽ. | ഒഴിവു സമയങ്ങളിൽ | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികൾ |
| 3. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | വിവിധ സന്ദർഭങ്ങളിൽ ക്രിയകൾ ഉപയോഗിക്കേണ്ട രീതി ഗണിതാധ്യാപകർ ക്ലാസ്സുകളായി നൽകുന്നു. വർക്ക്ഷീറ്റുകൾ ചെയ്യിപ്പിക്കൽ. | ആവശ്യാനുസരണം | ഗണിതാധ്യാപകർ |
| 4. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി അവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | സമർത്ഥരായ കുട്ടികളും. |
| 5. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ, ഗണിത ക്ലബ്. |
| 6. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ, സംഘതലവൻ |
| 7. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യത ഉപയോഗപ്പെടുത്തി. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | | |
| 8. ഗണിതശാസ്ത്ര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ. |
| | | | |

Scanned with OKEN Scanner